(സി) സംസ്ഥാനത്തിന്റെ ശേഷിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനം കൊണ്ടും നടപ്പു സാമ്പത്തിക വർഷം പദ്ധതി ചെലവിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

196 (542) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ, സാമ്പത്തിക പ്രതിസന്ധി കാരണം മാറ്റിവച്ചവ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ളതടക്കം, സംസ്ഥാനത്ത് പ്രഖ്യാപിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനും, പശ്ചാത്തല സൗകര്യ വികസനത്തിനും അധിക വിഭവ സമാഹരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2015 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 44971.34 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 38014.94 കോടി രൂപയേക്കാൾ 18.29% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 54469.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 41806.10 കോടി രൂപയേക്കാൾ 30.29% കൂടുതലാണ്. 2015 ജനുവരി 31 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 3463.05 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 28-2-2015-ൽ ട്രഷറി ബില്ലുകളിലായി 494.69 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നുംതന്നെ സാമ്പത്തിക പ്രതിസന്ധി കാരണം മാറ്റിവച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ മൂലധനം ധനവിപണിയിൽ നിന്ന് സമാഹരിക്കുവാനായി 16-1-2015-ലെ സ.ഉ.(പി)നമ്പർ 33/2015/ധന. പ്രകാരം മുഖ്യമന്ത്രി അദ്ധ്യക്ഷനായി മന്ത്രിമാരടങ്ങുന്ന ഒരു എമ്പവേർഡ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾക്കായി ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷനായിട്ടുള്ള ഒരു നിർവ്വഹണ ഗ്രൂപ്പ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതി-നികുതിയേതര ഇനങ്ങളിൽ കാലോചിതമായ വർദ്ധന വരുത്തിയിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു ഒരു ലക്ഷത്തിൽ കൂടുതൽ രൂപയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-1-2015-ലെ സ.ഉ.(പി) നമ്പർ 48/2015/ധന. പ്രകാരം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA) നടപ്പിലാക്കി. മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

197 (543) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ ;

(ബി) 2015 ജനുവരി 31 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്, വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2015 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 44971.34 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 38014.94 കോടി രൂപയേക്കാൾ 18.29% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 54469.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം